**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1196** **02-02-2026 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തിന്റെ ഗുണമേന്മ പരിശോധനാ സ്ട്രിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന മത്സ്യത്തിന്റെ ഗുണമേന്മ ഉപഭോക്താക്കൾക്ക് നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടാൻ സഹായിക്കുന്ന സ്ട്രിപ്പുകൾ പൊതുവിപണിയിൽ ലഭ്യമല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സ്ട്രിപ്പുകൾ പൊതു വിപണിയിൽ ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മത്സ്യത്തിന്റെ ഗുണനിലവാരം മനസ്സിലാക്കുന്നതിനും മായം ചേർത്തിട്ടുണ്ടോയെന്ന് കണ്ടെത്താനും സ്ട്രിപ്പുകൾ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) വികസിപ്പിച്ചിട്ടുണ്ട്. CIFT വികസിപ്പിച്ച സ്ട്രിപ്പുകൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം സ്ട്രിപ്പുകളുടെ ലഭ്യത ഉറപ്പാക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ബി) | മത്സ്യത്തിന്റെ ഗുണനിലവാരം മനസ്സിലാക്കുന്നതിനും മായം ചേർത്തിട്ടുണ്ടോയെന്ന് കണ്ടെത്താനും വകുപ്പിന്റെ നിർദ്ദേശ പ്രകാരം കേന്ദ്ര സർക്കാർ സ്ഥാപനമായ CIFT വികസിപ്പിച്ച സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി വ്യാവസായിക അടിസ്ഥാനത്തിൽ സ്ട്രിപ്പുകൾ നിർമ്മിക്കുന്നതിന് CIFT സ്വകാര്യ കമ്പനിയുമായി ധാരണയിൽ ഏർപ്പെടുകയും അതിൻ പ്രകാരം സ്ട്രിപ്പുകൾ പൊതുവിപണിയിൽ ആവശ്യാനുസരണം വിതരണം ചെയ്തു വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ